
DCB

2



# ചട്ടമ്പിസ്വാമി പഠനങ്ങൾ

എഡിറ്റർ

ഡോ. എ എം ഉണ്ണികൃഷ്ണൻ

Volume 2

MALAYALAM LANGUAGE
Chattampiswami Patanangal (3 Vols.)

STUDY
*Edited by* Dr. A. M. Unnikrishnan

Rights Reserved
First Published September 2021

PUBLISHERS
P. K. Parameswaran Nair Smaraka Trust, Thiruvananthapuram,

D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Chattampiswami patanangal
3V., 2792p., 21cm.
ISBN 978-93-5432-836-7
Editor: A. M. Unnikrishnan
1. Malayalam Literature. 2. Study. 1. Unnikrishnan A. M.
894.812.09—dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5432-836-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

461/21-22-Sl.No. 21938-dcb 7834-800-87676-09-21 hn 60-p na-r(t) ds-d(t) hm

# ഉള്ളടക്കം

## വാല്യം രണ്ട്

### 6. ഗവേഷണവിജ്ഞാനീയം


**യുക്തിചിന്തയുടെ സൂര്യതേജസ്സ്** 939
ഡോ. വി സി ശ്രീജൻ

**മലയാളഗവേഷണികചരിത്രത്തിൽ** 951
ഡോ. എം ശ്രീനാഥൻ

**അന്തർവൈജ്ഞാനികത** 961
പ്രവീൺരാജ് ആർ എൽ.

**ജ്ഞാനമണ്ഡലവും സ്രോതസ്സുകളും** 967
കീർത്തി വിദ്യാസാഗർ

**ഗവേഷണവഴി** 1016
ഇ കെ പ്രേംകുമാർ

**ആദിഭാഷാഗവേഷണം** 1021
ഡോ. അശോക് ഡിക്രൂസ്

**വേദാധികാരം: രീതിശാസ്ത്രവും ആഖ്യാനവും** 1036
ഡോ. സി ഗണേഷ്

**വേദാധികാരനിരൂപണത്തിന്റെ യുക്തി** 1047
ഡോ. മുനീർ ശൂരനാട്

**താർക്കികയുക്തി** 1057
പ്രൊഫ. കെ എസ് ആർ പണിക്കർ

**തർക്കശാസ്ത്രസമീപനങ്ങൾ** 1067
ഡോ. ആദർശ് രത്നാകരൻ

**ഗവേഷകൻ** 1076
ഡോ. ഡി ബഞ്ചമിൻ

**ഗവേഷണപദ്ധതി** 1083
ഡോ. എൻ മുകുന്ദൻ

## 7. ജ്ഞാനനിർമ്മാണവിജ്ഞാനീയം


**ചട്ടമ്പിസ്വാമികളും ഹിന്ദുധർമവും**
ജി അമൃതരാജ് 1091

**ധിഷണയുടെ വിഭുത്വം**
ടി ജി മോഹൻദാസ് 1126

**രാഷ്ട്രീയദൈവശാസ്ത്രത്തിന്റെ വൈരുദ്ധ്യങ്ങൾ**
ഡോ. ടി ടി ശ്രീകുമാർ 1132

**സവിശേഷതകളുടെ സർവ്വകലാശാല**
ഡോ. ജി രാജേന്ദ്രൻപിള്ള 1158

**ആധുനികശാസ്ത്രവും ആദ്ധ്യാത്മികചിന്തകളും**
ഡോ. സി ജി രാമചന്ദ്രൻനായർ 1167

**ആധുനികമായ വീക്ഷണം**
ഡോ. എസ് ബാലരാമകൈമൾ 1182

**കേരളത്തിന്റെ വ്യാസശങ്കരൻ**
ഡോ. രശ്മി ആർ ആർ. 1190

**ജ്ഞാനത്തിനുവേണ്ടി നടത്തിയ വിപ്ലവങ്ങൾ**
ഡോ. കവിതാരാജ് എൻ. 1195

**ഗവേഷണം**
ഡോ. വി രാജീവ് 1200

**ഭാഷാശാസ്ത്രജ്ഞൻ**
ഡോ. എം ശ്രീനാഥൻ 1216

**ഫോക്‌ലോർസംസ്കാരം**
ഡോ. സി ആർ അനിത 1251

**സ്ത്രീപക്ഷആധുനികത**
ഡോ. എം ശ്രീനാഥൻ 1264

**പുരാവൃത്തപഠനമാതൃക**
ഡോ. എം ശ്രീനാഥൻ 1278

**ആധുനികാനന്തരചിന്തയുടെ ആദിദർശനങ്ങൾ**
രഘുനാഥൻ പറളി 1290

## 8. ഭാഷാശാസ്ത്രവിജ്ഞാനീയം


**ആദിദ്രാവിഡത്തിൽനിന്നു സംസ്കൃതത്തിലേക്ക്** 1315
ഡോ. പൂജപ്പുര കൃഷ്ണൻനായർ

**പ്രാകൃതം-നാഗഭാഷ -സാഹിത്യഭാഷാചരിത്രത്തിന്റെ ആർക്കിയോളജി** 1341
ഡോ. സുവർണ്ണ നാലപ്പാട്ട്

**ഭാഷാദർശനം** 1357
ഡോ. ആർ വി എം ദിവാകരൻ

**'ആദിഭാഷ'യുടെ ഭാരതീയപഠനസാധ്യത** 1375
ഡോ. പി ശ്രീകുമാർ

**നാമപഠനങ്ങൾ** 1383
ഡോ. സെയ്തലവി സി.

**വൈയാകരണൻ** 1390
രോഹിണി എ എം.


## 9. ഭാഷാവിജ്ഞാനീയം


**വൈജ്ഞാനികമലയാളപ്രതിഷ്ഠ** 1407
ഡോ. നിത്യ പി വിശ്വം

**ശാസ്ത്രീയതയും വൈജ്ഞാനികമലയാളവും** 1420
ഡോ. ടി ജിതേഷ്

**മലയാളത്തിന്റെ വൈജ്ഞാനികപദവിസ്ഥാപനം** 1429
അജീഷ് ജി ദത്തൻ

**ഗദ്യകാരൻ** 1439
ഡോ. എം ജൽസ

**ദേശനാമങ്ങൾ** 1464
ഡോ. കെ എം പ്രിയദർശൻലാൽ

**സ്ഥലനാമപഠനം** 1479
ഡോ. വിളക്കുടി രാജേന്ദ്രൻ

## 10. സാഹിത്യവിജ്ഞാനീയം

**ബ്രഹ്മവിദ്യയിൽ കാവ്യലഹരിയിൽ** 1489
ഡോ. ദേശമംഗലം രാമകൃഷ്ണൻ

**ഗ്രന്ഥപാരായണം ജ്ഞാനാന്വേഷണം** 1495
ഡോ. കെ ജി സുധീർ

**കവിതയിൽ** 1515
ഡോ. ശ്രീജിത് ജി.

**നോവലിൽ** 1531
ഡോ. ശ്രീശൈലം ഉണ്ണികൃഷ്ണൻ

**നാടകത്തിൽ** 1624
ഡോ. രാജാവാര്യർ

**ആട്ടക്കഥയിൽ** 1633
പ്രശാന്ത് നാരായണൻ

**ജീവചരിത്രത്തിൽ** 1638
ജെ സന്ദീപ്

**എ വി ശങ്കരന്റെ ചട്ടമ്പിസ്വാമിസാഹിതീസപര്യ** 1653
ഡോ. വി വി പ്രേമലതാവാര്യർ

**ജഗതി വേലായുധൻനായരുടെ ചട്ടമ്പിസ്വാമിസാഹിത്യം** 1689
ഡോ. റീജാ രവീന്ദ്രൻ

**പി കെ പരമേശ്വരൻനായരുടെ രചന** 1719
ഡോ. ശ്രീലത എം ജി.

**ചട്ടമ്പിസ്വാമികളെക്കുറിച്ചുള്ള ആദ്യത്തെ മലയാളകാവ്യം** 1722
പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

**തമിഴിൽ** 1730
കെ ഗോമതിയമ്മാൾ

**സംസ്കൃതത്തിൽ - ഒന്ന്** 1739
ഡോ. ജി അശോകൻ

**സംസ്കൃതത്തിൽ - രണ്ട്** 1745
ഡോ. ലക്ഷ്മീ വിജയൻ വി ടി.

**ഹിന്ദിയിൽ** 1756
ഡോ. കെ സി അജയകുമാർ

**ഇംഗ്ലീഷിൽ - ഒന്ന്** 1767
ആത്മാരാമൻ

**ഇംഗ്ലീഷിൽ - രണ്ട്** 1770
ഡോ. ബി ശ്രീദേവി

**ഇംഗ്ലീഷിൽ - മൂന്ന്** 1791
ഡോ. സുജാകുറുപ്പ് പി എൽ.

## മലയാളധൈഷണികചരിത്രത്തിൽ

**ഡോ. എം ശ്രീനാഥൻ**

ആശയചരിത്രം, ചിന്താചരിത്രം, സങ്കല്പചരിത്രം എന്നിങ്ങനെ വ്യത്യസ്തരീതിയിൽ വിശേഷിപ്പിക്കുന്നതാണ് ധൈഷണികചരിത്രം. ആശയങ്ങളുടെ സഞ്ചാരത്തെകേന്ദ്രീകരിച്ചുള്ള ആശയഭൂപടനിർമിതിയായാണ് ധൈഷണികചരിത്രം രേഖപ്പെടുത്തുന്നത്. ഇതിനുകാരണം ആന്തരികമായി ആശയചരിത്രവും ബാഹ്യഘടനയായി ധൈഷണികചരിത്രവുമായാണ് ഇവ രണ്ടും പ്രയോഗിക്കുന്നത് എന്നതാണ്. തത്ത്വചിന്ത, ശാസ്ത്രം, സാഹിത്യം, കല, വ്യവഹാരം, ഭാഷ, സങ്കല്പം, പ്രത്യയശാസ്ത്രം, രാഷ്ട്രീയം, സംസ്കാരം, മാധ്യമം, ബുദ്ധിജീവികൾ, മനോഭാവം, പുസ്തകം എന്നിങ്ങനെയുള്ള വിവിധ ഉപചരിത്രങ്ങൾ ഉൾകൊള്ളുന്നതാണ് ധൈഷണികചരിത്രം. ചിന്താചരിത്രത്തെ സംസ്കാരചരിത്രമായും അവതരിപ്പിക്കാറുണ്ട്. മലയാളത്തിന്റെ ധൈഷണികചരിത്രം രേഖപെടുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉത്തരമായി ഇല്ലെന്നു പറയാനാവില്ല. കാരണം, നേരത്തേപറഞ്ഞ പല ഉപചരിത്രങ്ങളും അതതിന്റേതായ രീതിയിൽ ചിന്താചരിത്രത്തെ ഉൾക്കൊണ്ടിട്ടുണ്ട്. എന്നാൽ സമഗ്രമായി ധൈഷണികചരിത്രം അവതരിപ്പിക്കാൻ നമുക്കു കഴിഞ്ഞിട്ടുമില്ല. അത്തരമൊരു ദൗത്യം ചട്ടമ്പിസ്വാമികളുമായി ബന്ധപ്പെട്ട ഈ പഠനത്തിൽ ഏറ്റെടുക്കാനാവില്ല. ചട്ടമ്പിസ്വാമികളുടെ ചിന്താലോകവും വിപുലമായ കേരളീയധൈഷണികസന്ദർഭത്തിലാണ് മനസ്സിലാക്കേണ്ടത് എന്നുമാത്രമേ ഇവിടെപറയുന്നുള്ളൂ. ചട്ടമ്പിസ്വാമികളുടെ ചിന്തയ്ക്കു പരിസരമായ ആശയലോകം ഏതാണെന്നുള്ള അന്വേഷണം കേരളീയചിന്താചരിത്രത്തിൽ ചട്ടമ്പിസ്വാമികളുടെസ്ഥാനം നിർണയിക്കാൻ സഹായിക്കും.

തദ്ദേശീയവും സമ്പർക്കംവഴിയുള്ളതുമായ പ്രബലധാരകൾ ഏതൊരു ഭാഷാസമൂഹത്തിന്റെയും ഭാഗമാണ്. മലയാളത്തെസ്സംബന്ധിച്ചിടത്തോളം ദ്രാവിഡഭാഷാദേശീയതയാണ് അടിസ്ഥാനം. അതിൽ കരവഴിയും കടൽവഴിയും വന്നലിഞ്ഞുചേർന്ന ആശയധാരകളുണ്ട്. കേരളത്തിന്റെ സവിശേഷതയായി തിരിച്ചറിയുന്നത് ഭിന്നസംസ്കാരങ്ങളെ സ്വീകരിക്കുന്ന പ്രവണതയെയാണ്. സാംസ്കാരികമായ കൊടുക്കൽവാങ്ങലിനു പ്രാധാന്യം നല്കുന്ന ക്രയവിക്രയമധ്യസ്ഥതയായാണ് മലയാളം നിലനില്ക്കുന്നത്. സമ്പർക്കത്തിൽവന്ന എല്ലാ സംസ്കാരങ്ങളുടെയും ശേഷിപ്പുകൾ ഭാഷയിൽ പ്രകടമാണ്. ആവശ്യമെങ്കിൽ വൈദേശികമായ എന്തിനെയും ലയിപ്പിച്ചെടുത്തു തനതാക്കുന്നതിനാണ് ഭാഷ പ്രാധാന്യംനല്കുന്നതെന്നുകാണാം. അതിനാൽ കേരളത്തിന്റെ ചിന്താചരിത്രത്തിൽ ഭിന്നസാന്നിധ്യം ദർശിക്കാം. ഇതിലെ പ്രാഥമികമായ അടരുകളിലൊന്നു മതധാരയാണ്. കേരളത്തിൽ വന്ന മത

ങ്ങൾക്ക് ഓരോന്നിനും അതതിന്റേതായ ദാർശനികാടിത്തറയുണ്ടെങ്കിലും കൂടുതൽ സ്വാധീനത ചെലുത്തിയിട്ടുള്ളതു ഭാരതീയദാർശനികധാരയാണ്. ചട്ടമ്പിസ്വാമികളുടെ കാലത്തു വൈദേശികമായ ക്രിസ്ത്യൻഇസ്ലാംമതധാരകൾ കേരളത്തിലെത്തിയിട്ടുണ്ടായിരുന്നു. കൊളോണിയൽപാശ്ചാത്യവത്കരണവും ശക്തമായിരുന്നു. ഈ സാഹചര്യത്തിൽ സ്വാമികളുടെ ചിന്തയെ സ്വാധീനിച്ച ദർശനങ്ങൾ ഏതൊക്കെയാണെന്ന അന്വേഷണമാണിവിടെ പ്രമേയമാക്കിയിട്ടുള്ളത്.

**കേരളത്തിന്റെ ജൈനബുദ്ധമതപാരമ്പര്യം**

കേരളത്തിൽ അഹിംസ, സസ്യാഹാരം, കൃഷി, പഞ്ചാംഗം, ജ്യോതിഷം, വിദ്യാഭ്യാസം, വൈദ്യം, ഉപവാസവ്രതം ഇവ പ്രചരിപ്പിക്കുന്നതിൽ ജൈനമതത്തിനും ബുദ്ധമതത്തിനും സവിശേഷസ്ഥാനമുണ്ട്. അഷ്ടാംഗഹൃദയം പ്രചരിപ്പിച്ചത് ജൈനരായിരുന്നു. ബ്രാഹ്മണാധിപത്യംവന്നിട്ടും ചാതുർവർണ്യബാഹ്യമായ വൈദ്യസംസ്കാരം കേരളത്തിൽ നിലനില്ക്കാൻ കാരണവും ഇതുതന്നെയാണ്. എഴുത്തുപള്ളിയും പള്ളിക്കൂടങ്ങളും ബുദ്ധമതത്തിന്റെ ശേഷിപ്പുകളാണ്. എന്നാൽ ഉപജീവനത്തിലും ജീവിതരീതിയിലും സ്വാധീനത ചെലുത്തിയെങ്കിലും ചിന്തയിൽ കേരളീയർക്കിടയിൽ അവശേഷിപ്പിക്കുന്ന സ്വാധീനത വലുതല്ല. തമിഴകത്തിൽ തൊല്കാപ്പിയവും തിരുക്കുറലും ചിലപ്പതികാരവും ജൈനബന്ധം നിലനിർത്തുന്നുണ്ടെങ്കിലും മലയാളഭാഷയിലെ സാന്നിധ്യം പരകീയപദങ്ങളിലൊതുങ്ങുന്നു. കേരളത്തിന്റെ ആദ്യകാലധൈഷണികപശ്ചാത്തലത്തിൽ സംസ്കൃതഭാഷയിലെ വിജ്ഞാനത്തിനുണ്ടായ പ്രസരണം പാലിക്കോ പ്രാകൃതത്തിനോ അവകാശപ്പെടാനില്ല. അഹിംസയും കരുണയും സസ്യഭോജനവും സ്വാമികൾക്കും ജൈന-ബുദ്ധപൈതൃകമായി ലഭിച്ചതാണ്.

ചട്ടമ്പിസ്വാമികളുടെ ആശയലോകം രൂപപ്പെട്ടതെങ്ങനെ എന്ന അന്വേഷണം ഭാരതീയാസ്തികദാർശനികപാരമ്പര്യത്തിൽ നമ്മെ എത്തിക്കും. പാശ്ചാത്യധൈഷണികതയല്ല ചട്ടമ്പിസ്വാമികളെ രൂപപ്പെടുത്തിയത്. ആസ്തികദർശനങ്ങളും നാസ്തികദർശനങ്ങളും ഭാരതീയദർശനത്തിലുണ്ട്. ന്യായം, വൈശേഷികം, സാംഖ്യം, യോഗം, മീമാംസ, വേദാന്തം എന്നിങ്ങനെ ആസ്തികദർശനങ്ങൾ ആറെണ്ണമുണ്ട്. ഇവയെല്ലാം കേരളത്തിൽ പ്രചാരംനേടിയിരുന്നു. ചില മേഖലകളിൽ കേരളത്തിന്റെ മികച്ച സംഭാവനകളും ഉണ്ടായിട്ടുണ്ട്. ഈ ദർശനങ്ങളുടെ കേരളീയസാന്നിധ്യം തിരഞ്ഞുകൊണ്ടേ അവ ചട്ടമ്പിസ്വാമികളുടെ ചിന്താരൂപവത്കരണത്തിൽ വഹിച്ച പങ്ക് വ്യക്തമാക്കാനാവൂ.

**ഭാരതീയദർശനങ്ങളുടെ കേരളീയസാന്നിധ്യം**

എല്ലാ ഭാരതീയദർശനങ്ങളുടെയും മൂലാധാരം വേദങ്ങളാണ്. വൈദികജ്ഞാനം വിനിമയംചെയ്യാൻ കേരളത്തിൽ വേദപാഠശാലകൾ നിലനിന്നിരുന്നു. സംഘകാലത്തു വിദ്യാഭ്യാസാവകാശം ആർക്കുംനിഷേധിച്ചിരു

ന്നില്ല. ബ്രാഹ്മണമേധാവിത്വംവന്നതോടെ ബ്രാഹ്മണർ ഒഴികെയുള്ളവർക്ക് ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. അതോടൊപ്പം അടിസ്ഥാനജനവിഭാഗങ്ങൾക്ക് അക്ഷരജ്ഞാനവും നിഷേധിക്കപ്പെട്ടു. കുലശേഖരകാലത്തു ക്ഷേത്രകേന്ദ്രിതവിദ്യാഭ്യാസത്തിനായിരുന്നു മുൻഗണന. തത്ത്വചിന്ത, വ്യാകരണം, വേദം, ജ്യോതിഷം എന്നിവയായിരുന്നു ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതി. വേദപാഠശാലകളും സഭാമഠങ്ങളും ബ്രാഹ്മണ വിഭാഗത്തിനുള്ളതായിരുന്നു. അബ്രാഹ്മണർ (ചിലവിഭാഗങ്ങൾ) എഴുത്തുപള്ളിയിലും കളരിയിലുംനിന്നു പ്രാഥമികമായ എഴുത്തും വായനയും ഗണിതവും പഠിച്ചു. ഭാഷ കൂടാതെ ജ്യോതിഷം, വൈദ്യം എന്നിവ സവിശേഷമായി ഗുരുകുലങ്ങളിൽനിന്നും അഭ്യസിച്ചിരുന്നു. സംസ്കൃതസാക്ഷരതയ്ക്കും സംസ്കൃതത്തിലുള്ള വിജ്ഞാനത്തിനുമായിരുന്നു മുൻഗണന. ഭാരതീയവും വരേണ്യവുമായ ജ്ഞാനവിനിമയമായിരുന്നു അക്കാലത്തു പ്രധാനമായിരുന്നത്. ജ്ഞാനവിനിമയം സംസ്കൃതത്തിൽ മാത്രമായി പരിമിതപ്പെടുത്തിയിരുന്നുവെന്നതാണ് അക്കാലത്തെ സവിശേഷമായ വൈജ്ഞാനികാസൂത്രണം. കൂടല്ലൂർ, മേല്പത്തൂർ, കരിങ്ങമ്പള്ളി, ദേശമംഗലം തുടങ്ങിയ നമ്പൂതിരി ഇല്ലങ്ങളും, പെരിഞ്ചെല്ലൂർ, ശുകപുരം തിരുനാവായ, തൃശ്ശൂർ, തൃക്കണാമതിലകം, പെരുമനം, വെങ്ങനാട്, കിടങ്ങൂർ, ചെങ്ങന്നൂർ എന്നിവിടങ്ങളും വിദ്യാകേന്ദ്രങ്ങളായിരുന്നു.

ഷഡ്ഗുരുശിഷ്യൻ എന്ന വൈദികവ്യാഖ്യാതാവ് കേരളത്തിൽ ജീവിച്ചിരുന്നു. ഐതരേയാരണ്യകത്തിനു 'മോക്ഷപ്രദ', ഐതരേയബ്രാഹ്മണത്തിന് 'സുഖപ്രദ', ആശ്വലായനശ്രൗതസൂത്രത്തിന് 'അഭ്യുദയപ്രദ', സർവ്വാനുക്രമണിക്കു 'വേദാർത്ഥദീപിക' എന്നീ വ്യാഖ്യാനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'ഐതരേയാരണ്യകവ്യാഖ്യാ' ശങ്കരാചാര്യർ രചിച്ചിട്ടുണ്ട്. മേല്പത്തൂർനാരായണഭട്ടതിരി രചിച്ച സൂക്തശ്ലോകങ്ങൾ എന്ന ഗ്രന്ഥത്തിൽ ഋഗ്വേദത്തിലെ അഷ്ടകങ്ങൾ, വർഗ്ഗങ്ങൾ, സൂക്തങ്ങൾ എന്നിവയുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ട്. അക്കിത്തം നാരായണൻനമ്പൂതിരിയുടെ 'സർവ്വാനുക്രമണിവ്യാഖ്യാ' എന്ന ഗ്രന്ഥവും വൈദികസാഹിത്യത്തിലേക്കു വെളിച്ചം വീശുവാൻ പര്യാപ്തമാണ്.

ജീവബ്രഹ്മൈക്യം ഉപനിഷത്സാരമാണ്. ബൃഹദാരണ്യകം, ഛാന്ദോഗ്യം തുടങ്ങിയ പത്തുക്ലാസ്സിക്കൽ ഉപനിഷത്തുകളും ബാദരായണന്റെ ബ്രഹ്മസൂത്രവും ഭഗവദ്ഗീതയും ചേർന്നതാണ് വേദാന്തത്തിന്റെ അടിസ്ഥാനഗ്രന്ഥങ്ങൾ. ഇവയ്ക്കെല്ലാം ശങ്കരാചാര്യർ വ്യാഖ്യാനം എഴുതിയിട്ടുണ്ട് (ഡോ. ഇ ഐ വാരിയർ 1987).

### ന്യായവൈശേഷികദർശനം

ന്യായം, വൈശേഷികം എന്നീ ദർശനങ്ങളുമായി ബന്ധപ്പെട്ടു ചില സ്വതന്ത്രകൃതികളും വ്യാഖ്യാനങ്ങളും മലയാളത്തിലുണ്ടായിട്ടുണ്ട്. കൊടുങ്ങല്ലൂർക്കോവിലകത്തെ വലിയ ഗോദവർമഭട്ടൻതമ്പുരാൻ സിദ്ധാന്തമാലയിൽ ഗദാധരന്റെ വ്യുത്പത്തിവാദം വിവരിക്കുന്നുണ്ട്. കൂടാതെ അദ്ദേഹം ന്യായര

ത്നാവലീവ്യാഖ്യായും രചിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർക്കോവിലകത്തെ വിദ്വാൻ ഗോദവർമയുവരാജയുടെ ഹേത്വാഭാസദശകം, കൊച്ചിയിലെ രാമവർമപരീക്ഷിത്തുതമ്പുരാന്റെ ഭാഷാപരിഛേദം, മുക്താവലി, ദിനകരി, രാമരുദ്രി എന്നീ ഗ്രന്ഥങ്ങളിലെ തിരഞ്ഞെടുത്ത ഭാഗങ്ങൾക്കു തയ്യാറാക്കിയ സുബോധിനി എന്ന വ്യാഖ്യാനം, ചട്ടമ്പിസ്വാമികളുടെ തർക്കരഹസ്യരത്നം, ആറ്റൂർ കൃഷ്ണപിഷാരടിയുടെ സാമാന്യനിരുക്തിവ്യാഖ്യാനം എന്നിവ ഈ മേഖലയിലെ പ്രധാനഗ്രന്ഥങ്ങളാണ് (ഡോ. ഇ ഐ വാരിയർ 1987). തർക്കരഹസ്യരത്നം എന്നൊരുകൃതി ചട്ടമ്പിസ്വാമികളുടെതാണെന്നു കാണുന്നു. എന്നാൽ ഈ കൃതിയെക്കുറിച്ചുള്ള പരാമർശങ്ങളൊന്നും ചട്ടമ്പിസ്വാമികളുടെ സമാഹാരത്തിൽ കണ്ടിട്ടില്ല.

ന്യായവൈശേഷികസിദ്ധാന്തങ്ങളെയാണു സ്വാമികൾ പഠനത്തിന് അടിസ്ഥാനമാക്കിയത്. ബുദ്ധി ആത്മാവിന്റെ ഗുണമാണ്. പ്രത്യക്ഷം, അനുമാനം, ഉപമാനം, എന്നിവയാണു നാലുപ്രമാണങ്ങൾ. കാരണം സമവായി, അസമവായി, നിമിത്തം എന്നിങ്ങനെ മൂന്നുവിധമുണ്ട്. കാര്യകാരണബന്ധത്തെസ്സംബന്ധിച്ചിടത്തോളം അസത്കാര്യവാദമാണ് സ്വീകരിക്കുന്നത്. കാര്യം അതിന്റെ ഉത്പത്തിക്കുമുൻപ് കാരണത്തിൽ അന്തർലീനമല്ല, അതു പുതുതായി ആരംഭിക്കുന്നു എന്നു വാദം. ജ്ഞാനത്തെ മോക്ഷസാധനയായാണു ന്യായവൈശേഷികദർശനം പരിഗണിച്ചത്. പ്രപഞ്ചത്തിന് ഉപാദാനകാരണം പരമാണുക്കളും നിമിത്തകാരണം ഈശ്വരനുമാണ് എന്ന പ്രപഞ്ചോത്പത്തിവാദമാണ് ന്യായദർശനത്തിലുള്ളത്.

**സാംഖ്യയോഗദർശനം**

സാംഖ്യയോഗദർശനത്തെക്കുറിച്ച് അധികം ഗ്രന്ഥങ്ങൾ ചട്ടമ്പിസ്വാമിയുടെ കാലത്തുണ്ടായിട്ടില്ല. പില്ക്കാലത്ത് ഐലത്തൂർരാമശാസ്ത്രിയുടെ 'യോഗാനുശാസനവ്യാഖ്യാ', നീലകണ്ഠതീർഥപാദരുടെ 'യോഗമഞ്ജരി' 'യോഗരഹസ്യകൗമുദി' എന്നിവ ഉണ്ടായിട്ടുണ്ട് (ഡോ. ഇ ഐ വാരിയർ 1987). പ്രകൃതിയും പുരുഷനും എന്നതാണ് ഈ ദർശനത്തിന്റെ കേന്ദ്രപ്രമേയം.

പ്രപഞ്ചത്തിന്റെ ആദികാരണമായ പ്രകൃതി അചേതനവും സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നുഗുണങ്ങളോടു കൂടിയതുമാണ്. പുരുഷസാന്നിധ്യം ഹേതുവായി പ്രകൃതി പരിണാമപ്രക്രിയയ്ക്കു വിധേയമാകുന്നു. പ്രകൃതിപരിണാമംമൂലം ഇരുപത്തിമൂന്നു വികാസജങ്ങൾ ഉണ്ടായിത്തീരുന്നു. പുരുഷസംയോഗംനിമിത്തം പ്രകൃതി പ്രപഞ്ചരൂപേണ പരിണമിക്കുന്നു. പ്രകൃതിയിലും അതിന്റെ പരിണാമങ്ങളിലുംനിന്നു ചിത്സ്വരൂപനും നിത്യനും സർവവ്യാപിയും നിഷ്ക്രിയനുമായ പുരുഷൻ വേറിട്ടുനില്ക്കുന്ന അവസ്ഥ പ്രാപിക്കുന്നുവെന്നാണ് ഈ വാദത്തിന്റെ കാതൽ. ഈ അവസ്ഥയിലെത്താൻ വിവേകജ്ഞാനലബ്ധിയിലൂടെയേ സാധിക്കൂ. പതഞ്ജലിയുടെ യോഗദർശനം ഇതിന് വഴിയൊരുക്കുന്നു. പതഞ്ജലിയോഗം കേരളത്തിൽ വ്യാപകമായി അഭ്യസിച്ചിരുന്നു.

**മീമാംസാദർശനം**

വൈദികപ്രാമാണ്യത്തിനു പ്രാധാന്യം നല്കുന്ന ദർശനമാണ് മീമാംസ. വേദവിധികളുടെ ശരിയായ വ്യാഖ്യാനമാണിത്. വേദം നിത്യവും അപൗരുഷേയവും എല്ലാം തികഞ്ഞതുമാണെന്നാണ് പൂർവ്വമീമാംസയുടെ ദർശനം. എല്ലാ വിജ്ഞാനങ്ങളിലും ജ്ഞാതാവ് (അറിയുന്നവൻ), ജ്ഞേയം (അറിയപ്പെടുന്ന വസ്തു), ജ്ഞാനം (അറിവ്) എന്നിവ ഒരേസമയത്തു നിലനില്ക്കുന്നുവെന്നാണ് മീമാംസമതം. പ്രപഞ്ചോത്പത്തി കർമ്മമാണ്.

കുമാരലി ഭാട്ടന്റെയും കേരളീയനായ പ്രഭാകരന്റെയും മീമാംസദർശനങ്ങൾ കേരളത്തിൽ നിലനിന്നു. കേരളത്തിൽ മീമാംസാപഠനം വളരെ പ്രസിദ്ധമായിരുന്നു. പ്രഭാകരന്റെ ശബരഭാഷ്യം (ബൃഹതി/നിബന്ധന, ലഘവി/വിവരണ), ഭവദാസന്റെ ജൈമിനീമീമാംസസൂത്രവ്യാഖ്യാനം, വാസുദേവന്റെ 'കൗമാരിലയുക്തിമാല,' 'സർവജ്ഞാത്മന്റെ പ്രമാണലക്ഷണ, മേല്പത്തൂർ നാരായണഭട്ടതിരിയുടെ 'മനോമോദയം' എന്നിങ്ങനെ അനേകം കൃതികൾ മീമാംസദർശനത്തിന്റെ കേരളത്തിലെ പ്രചാരത്തെ കാണിക്കുന്നുണ്ട്.

**അദ്വൈതവേദാന്തം**

കേരളീയതത്ത്വചിന്ത എന്നു സവിശേഷമായി പറയാവുന്നതു ശങ്കരാചാര്യരുടെ അദ്വൈതവാദവും ഭാരതീയചിന്താപദ്ധതിക്കു കേരളം നല്കിയ വ്യാഖ്യാനങ്ങളുമാണ്.

ശങ്കരാചാര്യരുടെ അദ്വൈതവേദാന്തത്തിനു കേരളത്തിൽ പ്രചാരം അധികമായിരുന്നില്ല. ഉപനിഷദ്ദർശനമായ ജീവബ്രഹ്മൈക്യത്തെ ആധാരമാക്കിയുള്ളതാണു ശങ്കരാചാര്യരുടെ അദ്വൈതം. യാഗങ്ങളാണു മോക്ഷസാധനമെന്നു വിശ്വസിച്ചിരുന്ന പൂർവ്വമീമാംസർക്കിടയിലാണു ജ്ഞാനയോഗമായ അദ്വൈതസിദ്ധാന്തം അവതരിപ്പിച്ചത്. ഭാരതത്തിലാകെ വൻപ്രചാരംനേടാൻ കഴിഞ്ഞുവെങ്കിലും കേരളത്തിൽ പിറവിയെടുത്ത ശങ്കരാദ്വൈതത്തെ അതേരീതിയിൽ ഇവിടെ പ്രകീർത്തിച്ചുവെന്നു പറയാനാവില്ല. എന്നിട്ടും ഫലത്തിൽ ക്ഷേത്രകേന്ദ്രിതമായ ബ്രാഹ്മണമതത്തിനു തന്നെയായിരുന്നു പ്രാധാന്യം. ചാതുർവർണ്യത്തിൽ ഉൾപെട്ടിരുന്നെങ്കിലും ശൂദ്രർക്കുപോലും അവകാശനിഷേധം അനുഭവിക്കേണ്ടിവന്നു. ഈ ഘടനയിൽ ഉൾപ്പെടാത്ത അവർണ്ണരുടെ അവകാശലംഘനം എത്രത്തോളമായിരുന്നുവെന്നു ചട്ടമ്പിസ്വാമികൾക്ക് അറിയാമായിരുന്നു. ഭാരതീയ ജ്ഞാനത്തിന്റെ ഉടമാവകാശം കൈയാളുന്ന ബ്രാഹ്മണമേധാവിത്വത്തെയും വൈജ്ഞാനികസംസ്കൃതാസൂത്രണത്തെയും പ്രതിരോധിക്കേണ്ടതു ജനകീയാവശ്യമാണ് എന്ന ബോദ്ധ്യമാണു ചട്ടമ്പിസ്വാമികളെ ജ്ഞാനവിപ്ലവത്തിലേക്കു നയിച്ചത്.

സ്വാമികളുടെ ധൈഷണികപരിസ്ഥിതി ഭാരതീയതത്ത്വചിന്തയായിരുന്നുവെന്ന് മേല്പറഞ്ഞതിൽനിന്നു മനസ്സിലാക്കാം. ഭാരതീയദർശനപാരമ്പര്യത്തിനു കേരളത്തിൽ തുടർച്ചയുണ്ടായില്ല. ഇതിനുകാരണം മിഷണറികൊ

ളോണിയൽ ആധിപത്യമായിരുന്നു.

കൊളോണിയൽഭരണകൂടത്തിന്റെ അധിനിവേശപ്രത്യയശാസ്ത്രം മിഷണറിമാരും പങ്കിടുന്നുണ്ട്. തദ്ദേശ സമൂഹത്തെ ആധുനീകരിക്കുക, അഥവാ അന്യസംസ്കാരങ്ങളെ പാശ്ചാത്യവത്കരിക്കുക എന്നതായിരുന്നു അവരുടെ പൊതുലക്ഷ്യം. സുവിശേഷപ്രവർത്തനങ്ങളോടൊപ്പം അച്ചടിസാങ്കേതികത, പൊതുവിദ്യാഭ്യാസം, സ്ത്രീശക്തീകരണം, മാധ്യമപ്രവർത്തനം ശാസ്ത്രജ്ഞാനം, പാശ്ചാത്യവൈദ്യം എന്നിവയെല്ലാം മിഷണറിമാരിലൂടെ പ്രചരിപ്പിച്ചു.

ലോകഭൂപടം, വാനനിരീക്ഷണസാമഗ്രികൾ പാശ്ചാത്യജ്യോമെട്രി, എന്നിങ്ങനെ പലതും ജെസ്യൂട്ട് പാതിരിമാർ ഇന്ത്യയിലെത്തിച്ചു. അവരവരുടെ ഭാഷയിൽ ബൈബിൾവായിപ്പിക്കാനായി വ്യാകരണവും നിഘണ്ടുവും തയ്യാറാക്കി. സുവിശേഷപ്രവൃത്തികളുടെ വ്യാപനത്തിനായി അച്ചടിസാങ്കേതികത പ്രയോജനപ്പെടുത്തി, പൊതുവിദ്യാഭ്യാസം ഏർപ്പെടുത്തി എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളും ദേശരാഷ്ട്രചിന്തയും മലയാളമണ്ണിലെത്തിച്ചു. ഭാഷാദേശീയതയുടെയും മനുഷ്യാവകാശങ്ങളുടെയും സമത്വചിന്തയുടെയും വിത്തുപാകി. കൊളോണിയൽആധുനികതയായി ഇതറിയപ്പെടുന്നു. എന്നാൽ കൊളോണിയൽആധുനികതയുടെ അക്കാദമികസ്വാധീനത ചട്ടമ്പിസ്വാമികളുടെ ചിന്താപദ്ധതിയെ രൂപപ്പെടുത്തുന്നതിൽ വലിയപങ്കൊന്നും വഹിച്ചു കാണുന്നില്ല. സമത്വം, സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള ആശയങ്ങൾ സ്വാധീനതചെലുത്തിയിട്ടുണ്ടെന്നു വാദിക്കാമെങ്കിലും അതിനും പരിമിതിയുണ്ട്. കൊളോണിയൽആധുനികതയ്ക്കുപകരമായി തദ്ദേശീയാധുനികതയാണ് സ്വാമികൾ മുന്നോട്ടുവച്ചത്. ചട്ടമ്പിസ്വാമികളെ കൊളോണിയൽആധുനികതയുടെ ഭാഗമായി വിലയിരുത്താനാവില്ല. അതിനെതിരെയുള്ള ബദൽആധുനികതയുടെ വക്താവാണെന്ന പി പി രവീന്ദ്രന്റെ (2017) നിരീക്ഷണമാണ് കൂടുതൽ പരിഗണിക്കാവുന്നത്. ആധുനികത, ധാർമികത, ഭാരതീയത എന്ന ഘടകത്രയം ഉൾച്ചേരുന്ന ഒരു സങ്കല്പമണ്ഡലത്തെ കൊളോണിയൽവിരുദ്ധമായും ആധുനികോന്മുഖമായും ചട്ടമ്പിസ്വാമികൾ അവതരിപ്പിച്ചു.

ഭാരതീയദർശനങ്ങളുടെ ബ്രാഹ്മണവ്യവഹാരത്തെ അപനിർമിച്ചുകൊണ്ടു ജ്ഞാനയോഗത്തിലൂടെ പരമമായ മോക്ഷപ്രാപ്തി കൈവരിക്കാൻ ജാതിലിംഗഭേദമെന്യേ ഏവർക്കും അധികാരമുണ്ടെന്നും വേദം ആർക്കും സവിശേഷാധികാരം വിധിച്ചിട്ടില്ലെന്നും വ്യക്തമാക്കിക്കൊണ്ട് ചട്ടമ്പിസ്വാമികൾ അബ്രാഹ്മണദർശനം അവതരിപ്പിക്കുകയാണ് കൃതികളിൽക്കൂടി.

**ചട്ടമ്പിസ്വാമികളുടെ ചിന്താപദ്ധതി**

കൃതികളിലെ രചനാസ്വഭാവവും രചനാതന്ത്രവും അവയുടെ ധൈഷണികധർമവും അടിസ്ഥാനമാക്കിയാണ് ചട്ടമ്പിസ്വാമികളുടെ ചിന്താപദ്ധതി തിരിച്ചറിയാവുന്നത്. ഭാരതീയദാർശനികപാരമ്പര്യത്തിൽ വേരോട്ടമുള്ള ചിന്താപദ്ധതിയാണ് സ്വാമികളുടേത് എന്ന് നിസ്സംശയം പറയാം. ജ്ഞാനം

മോക്ഷദായകമാണ് എന്ന ദർശനം സ്വാമികൾ ഉൾക്കൊണ്ടിരുന്നു. അറിയുന്നവനും അറിയപ്പെടുന്ന വസ്തുവും അറിവും തമ്മിലുള്ള ബന്ധമായാണ് പ്രപഞ്ചത്തെ വാസ്തവമായി മനസ്സിലാക്കുന്നത്. അങ്ങനെയിരിക്കുന്നതു ബന്ധകാരണമായ അജ്ഞാനംകൊണ്ടാണ്. ഇതാണ് അന്യഥാജ്ഞാനം. ഇതിൽനിന്നുള്ള മോക്ഷമാണ് ജ്ഞാനം. ജ്ഞാനയോഗമാണ് മോക്ഷസാധനം എന്ന് സ്വാമികൾ ഉൾക്കൊണ്ടു. മീമാംസാദർശനത്തിലെ കർമ്മകാണ്ഡമല്ല ജ്ഞാനകാണ്ഡമാണു മുക്തിക്കനുകൂലമെന്നു സ്വാമികൾ വിശ്വസിച്ചു. ബ്രാഹ്മണർ പ്രചരിപ്പിക്കുന്നതെല്ലാം അവരുടെ അധികാരം നിലനിറുത്താനുള്ളതാണെന്നു മനസ്സിലാക്കി എല്ലാ ചിന്താപദ്ധതികളെയും സൂസൂക്ഷ്മം വിലയിരുത്തി അതിൽനിന്നു ബ്രാഹ്മണാധീശത്വത്തെ എതിർക്കാനുള്ള ധൈഷണികസാമഗ്രികൾ സ്വരൂപിച്ചു. വേദങ്ങളിലും ഭാരതീയദർശനങ്ങളിലുംനിന്നുതന്നെ ബ്രാഹ്മണവ്യവഹാരവിരുദ്ധമായ യുക്തിപ്രമാണങ്ങൾ കണ്ടെത്തി അവതരിപ്പിച്ചു. നിഷേധയുക്തിയുടെ രീതിശാസ്ത്രം വികസിപ്പിച്ചെടുത്തു എന്നതാണ് സ്വാമികളെ കേരളീയധൈഷണികപാരമ്പര്യത്തിൽ അസമാനനാക്കുന്നത്. ബ്രാഹ്മണാധീശത്വത്തെ നേരിടുന്നത് ഭാരതീയദർശനത്തിന്റെ അബ്രാഹ്മണ പ്രതിരോധംകൊണ്ടാണു വേണ്ടതെന്ന ബോദ്ധ്യമാണ് സ്വാമികൾക്കുണ്ടായിരുന്നതെന്നു വ്യക്തം.

**അബ്രാഹ്മണാദ്വൈതം**

അദ്വൈതത്തിനു ബ്രാഹ്മണ-അബ്രാഹ്മണഭേദമില്ല. എന്നാൽ സാമൂഹികാധികാരത്തിൽ ഇക്കൂട്ടർ ഭിന്നരാണ്. അതുകൊണ്ടു പ്രയോഗത്തിൽ അബ്രാഹ്മണഅദ്വൈതമെന്നതു തെറ്റല്ല. സ്വാമികൾ അദ്വൈതത്തിന്റെ അബ്രാഹ്മണമുഖമാണു പ്രകാശിപ്പിച്ചത്.

വേദാന്തശാസ്ത്രമനുസരിച്ചു പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള മറ്റു ന്യായങ്ങളെല്ലാം അസാധുവാണ്. പ്രപഞ്ചത്തിനു ശരിയായ ഒരു കാരണമില്ല. അതുകൊണ്ട് അതുണ്ടായതേയില്ല. ജ്ഞാനസ്വരൂപമായ ബോധത്തെ കണക്കിലെടുക്കുകയും സച്ചിദാനന്ദസ്വരൂപമായി ആത്മാവിനെ കരുതുകയും ചെയ്യുന്നു. ഇതിനെത്തന്നെയാണു ബ്രഹ്മമെന്നു വിളിക്കുന്നത്. വേദാന്തശാസ്ത്രപ്രകാരം പ്രപഞ്ചം ആത്മാവിൽകല്പിതമാണ്. ‘അദ്വൈതചിന്താപദ്ധതി’ എന്ന ഗ്രന്ഥത്തിലൂടെ അദ്വൈതതത്ത്വങ്ങളെ സൂക്ഷ്മമായും ലളിതമായും വിവരിക്കാൻ സ്വാമികൾക്കു കഴിഞ്ഞു. ദ്രാവിഡീയമായ ഒരു ശൈവനോട്ടം ഈ കൃതിയിൽ കാണാം. ബ്രഹ്മസാക്ഷാത്കാരത്തിനായുള്ള ജ്ഞാനപദ്ധതിയാണ് അദ്വൈതചിന്തയെന്നു സ്ഥാപിക്കാനും സ്വാമികൾക്കു കഴിഞ്ഞു.

‘വേദാധികാരനിരൂപണം’ വേദാധികാരത്തെക്കുറിച്ചുള്ള ബ്രാഹ്മണഭാഷ്യം നിഷേധിച്ചു. വേദം അഭ്യസിക്കാൻ എല്ലാവിഭാഗം ജനങ്ങൾക്കും അധികാരമുണ്ടെന്നു സ്ഥാപിച്ചുറപ്പിക്കാൻ 1920 കളിൽത്തന്നെ സ്വാമികൾക്കു കഴിഞ്ഞിരുന്നു. ഇതുവഴി കേരളസമൂഹത്തിൽ നവമായ ആധിപത്യനിഷേധത്തിന്റെ പാരമ്പര്യം ഉറപ്പിക്കാനും അബ്രാഹ്മണധൈഷണികവിപ്ലവത്തിനു നാന്ദികുറിക്കാനും സ്വാമികൾക്കായി. ‘പ്രാചീനമലയാള’ത്തിലൂടെ ബ്രാഹ്മ

ണവ്യവഹാരത്തെ യുക്തിവിചാരദൃഷ്ടിയിൽ അവാസ്തവനിർമിതിയാണെന്ന് അപനിർമിച്ചുകാണിക്കാൻ സ്വാമികൾക്കായി. ഭാരതീയദർശനങ്ങളുടെ ഉടമാവകാശം, വേദാധികാരം, ജ്ഞാനമേധാവിത്വം എല്ലാം അവകാശക്രമമാക്കിയിരുന്ന ബ്രാഹ്മണാധികാരത്തിനെതിരെ അബ്രാഹ്മണജ്ഞാനപ്രതിരോധം തീർക്കുകയായിരുന്നു സ്വാമികൾചെയ്തത്. സംസ്കൃതമേധാവിത്വത്തെ ഖണ്ഡിച്ചു പൂർവദ്രാവിഡഭാഷയാണ് ആദിഭാഷ എന്ന് ഉറപ്പിക്കുകയും ചെയ്യുന്ന പഠനമാണു സ്വാമികൾ 'ആദിഭാഷ'യിൽ നടത്തിയത്.

ജ്ഞാനത്തിലൂടെ മോക്ഷം എന്ന മതത്തെ ജനകീയവത്കരിക്കുകയായിരുന്നു ചട്ടമ്പിസ്വാമികളുടെ ലക്ഷ്യം. ന്യായദർശനത്തിലെ സിദ്ധാന്തങ്ങളെ, ആത്മീയവും ചരിത്രപരവുമായ ബ്രാഹ്മണവ്യവഹാരങ്ങളുടെ യുക്തിപരിശോധനയ്ക്കായുള്ള രീതിശാസ്ത്രമാക്കി വികസിപ്പിക്കുകയായിരുന്നു. പദനിരുക്തിയിൽ തുടങ്ങി ഘട്ടംഘട്ടമായി പദാർത്ഥപരിശോധന (ദ്രവ്യം, ഗുണം, കർമം, സാമാന്യം, വിശേഷം, സമവായം, അഭാവം), ഗുണപരിശോധന, പ്രമാണപരിശോധന (പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം) എന്നിങ്ങനെ തർക്കവിദ്യയിലൂടെ വിശകലനം ചെയ്യുന്ന പദ്ധതി. സ്വാമികളുടെ രചനാതന്ത്രം തന്നെ വ്യവഹാരാപഗ്രഥനമായിരുന്നു. താർക്കികയുക്തി അടിസ്ഥാനമാക്കിയുള്ള പൂർവ്വപക്ഷവ്യവഹാരവിചാരണയും യുക്തിഭദ്രമായ ബദൽവ്യവഹാരനിർമിതിയുമായിരുന്നു സ്വാമികൾ പ്രയോഗത്തിൽ വരുത്തിയത്. ഉപാദാനശേഖരണം, സാധ്യമായ പൂർവ്വപക്ഷപരിശോധന, യുക്തിപൂർവമുള്ള വിചാരണയും ഖണ്ഡനവും, ശാസ്ത്രീയത സ്ഥാപിച്ചെടുക്കൽ, ആദിമധ്യാന്ത ഇണക്കത്തോടെയുള്ള യുക്തിതത്ത്വം പാലിക്കുക, പാഠബാഹ്യമായ സന്ദർഭത്തെ പാഠനിഷ്ഠമാക്കുന്ന അപനിർമ്മാണരീതി ആഖ്യാനത്തിലെ കാര്യകാരണബന്ധം പൂർവ്വാപരവൈരുധ്യം ഇല്ലാതെ മുൻപിൻപ്രസ്താവങ്ങൾ തമ്മിൽ ഘടിപ്പിക്കുന്നരീതി എന്നിവയെല്ലാം അദ്ദേഹത്തിന്റെ രചനാസവിശേഷതകളാണ്.

പുരാവൃത്തവിശകലനമാതൃക അവതരിപ്പിച്ചതു കൂടാതെ, ചരിത്രപഠനത്തിനു പദനിരുക്തിവിചാരം ഉപയോഗിക്കാമെന്നും തെളിയിച്ചു. ഗദ്യനിരൂപണത്തിനു പാഠവിശകലനമാതൃക പ്രയോഗത്തിൽവരുത്തി. ക്രിസ്തുമതച്ഛേദനത്തിലൂടെ വാക്യപ്രമാണപരിശോധനയും വ്യവഹാരാപഗ്രഥനവും നടത്തി എപ്രകാരം മതഗ്രന്ഥത്തെപ്പോലും പാഠവിചാരണയ്ക്കുവിധേയമാക്കാമെന്നു തെളിയിച്ചു.

മേല്പറഞ്ഞതിനെല്ലാം പുറമെ, അക്കാലത്തെ പാശ്ചാത്യശാസ്ത്രബോധം സ്വാമികൾക്കുണ്ടായിരുന്നുവെന്നും കൃതികളിൽനിന്നു മനസ്സിലാക്കാം. ആദിഭാഷയിലും ജീവകാരുണ്യനിരൂപണത്തിലും ഇതു പ്രകടമാണ്. എന്നാൽ അതൊന്നും ബ്രഹ്മത്തെക്കുറിച്ചോ മോക്ഷത്തെക്കുറിച്ചോ അദ്വൈതത്തെ കുറിച്ചോ ഉള്ള അടിസ്ഥാന ആശയലോകത്തെ പരിഷ്കരിക്കുന്നില്ല. നവോത്ഥാനനായകരിൽ ഒരാളായി സ്വാമികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. നവോത്ഥാനത്തെ കൊളോണിയൽ ആധുനികതയുമായാണു കൂട്ടികെട്ടിയി

രിക്കുന്നത്. കാലംകൊണ്ടും പ്രവർത്തനംകൊണ്ടും നവോത്ഥാനത്തിന്റെ ഭാഗമാകുമ്പോൾത്തന്നെ സ്വാമികളുടെ ചിന്താമണ്ഡലം രൂപപ്പെടുത്തിയതു കൊളോണിയൽആധുനികതയല്ല എന്നതാണു വാസ്തവം. പടിഞ്ഞാറുനോക്കി കിഴക്കിനെ കാണുകയായിരുന്നില്ല സ്വാമികൾ. കിഴക്കിൽനിന്നുകൊണ്ടുതന്നെ ജ്ഞാനവിപ്ലവം സൃഷ്ടിക്കുകയായിരുന്നു. അതിനുള്ള ഉപാദാനവും വിശകലനസമഗ്രികളും ദേശീയവുമായിരുന്നു.

## ചട്ടമ്പിസ്വാമികളും മലയാളധൈഷണികചരിത്രവും

മലയാളത്തിന്റെ ധൈഷണികചരിത്രത്തിൽ ചട്ടമ്പിസ്വാമികളുമായി ബന്ധപ്പെടുത്തിയുള്ള ഭാരതീയദർശനങ്ങളുടെ മലയാളസാന്നിധ്യത്തിനാണ് ഈ പഠനത്തിൽ ഊന്നൽ നല്കിയത്. ചട്ടമ്പിസ്വാമികളുടെ സംഭാവനകളുടെ ചരിത്രശാസ്ത്രപരമായ പ്രാധാന്യം വെളിപ്പെടുത്തുകയായിരുന്നു ലക്ഷ്യം. മലയാളധൈഷണികചരിത്രത്തിൽ സ്വാമികൾ അപൂർവമായ പരിഗണനയ്ക്ക് അർഹനാണ്. മലയാളഭാഷയെ സ്വാമികൾ പ്രയോജനപ്പെടുത്തിയതു പ്രതിരോധത്തിന്റെ ഉപാധിയായിട്ടാണ്. സംസ്കൃതവരേണ്യതയെ പ്രതിരോധിക്കാൻ മലയാളഭാഷയെ സംവാദോപാധിയാക്കിക്കൊണ്ട് അബ്രാഹ്മണരുടെ സത്യപ്രകാശവിനിമയമാധ്യമമാക്കി എന്നതാണു സ്വാമികൾനിർവഹിച്ച മറ്റൊരുമഹത്തായ രാഷ്ട്രീയകർമ്മം. മലയാളഗദ്യത്തെ ദാർശനികഭാഷയാക്കി ഉയർത്തി വൈജ്ഞാനികവിനിമയം സുഗമമാക്കി. യുക്തിവിചാരണയുക്തകംവിധമുള്ള ഗവേഷണമാതൃക മലയാളത്തിനു പ്രദാനംചെയ്തു. സംസ്കൃതജ്ഞാനം അബ്രാഹ്മണർക്ക് മലയാളത്തിൽ ലഭ്യമാക്കി ജ്ഞാനവിടവു പരിഹരിച്ചു. അബ്രാഹ്മണവേദപാഠവും അദ്വൈതപാഠവും യാഥാർഥ്യമാക്കാൻ സ്വാമികൾക്കായി. ബദലാധുനികതാസൃഷ്ടിയിലൂടെ കൊളോണിയൽ ആധുനികതയുടെ അപ്രമാദിത്വത്തെ ചെറുക്കാനുള്ള തനതുവഴി തെളിയിച്ചു എന്നിങ്ങനെ മലയാളധൈഷണികചരിത്രത്തിൽ ആദ്യസംഭാവനകൾ ചെയ്തു സുപ്രധാനസ്ഥാനം ചട്ടമ്പിസ്വാമികൾക്കുമാത്രം അവകാശപ്പെട്ടതാണ്.

ഭാരതീയമായ ബദൽവ്യവഹാരനിർമിതി സാധ്യമാണെന്നു സ്ഥാപിക്കാൻ കഴിഞ്ഞതിലൂടെ അധീശത്വവ്യവഹാരത്തിന്റെ വസ്തുതാപരിശോധന യുക്തിസഹമായും വസ്തുനിഷ്ഠമായും നിർവഹിക്കാമെന്നു സ്വാമികൾ തെളിയിച്ചു. ഇതാകട്ടെ, കൊളോണിയൽ ആധുനികത അനുശീലിപ്പിച്ച ജ്ഞാനവിശകലനരീതിയിലൂടെയല്ലെന്നോർക്കണം. സ്വാമികളുടെ ബദൽ ആധുനികത മുന്നോട്ടുവച്ചത് പാഠപരിശോധനാരീതിയാണ്. എന്നാൽ കേരളത്തിന്റെ ധൈഷണികപാരമ്പര്യത്തിൽ ആധികാരികമായ സംഭാവനകൾ ചെയ്തുവെങ്കിലും ആ നിലയ്ക്കുള്ള ഒരുവിലയിരുത്തലും സ്വാമികളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നില്ല. എല്ലാ അക്കാദമിക ഇടങ്ങളിലും സ്വാമികളുടെ അസാന്നിധ്യമാണു കാണാനാവുക. ഭാരതീയദർശനങ്ങൾക്ക് ജനകീയമായ തുടർച്ചനല്കിയെങ്കിലും അബ്രാഹ്മണീയവഴി തിരഞ്ഞെടുത്തതുകൊണ്ടു സ്വാമികളുടെ ധൈഷണികസംഭാവനകൾ വിസ്മരിക്കപ്പെട്ടു. അതോടൊപ്പം

കേരളവും മലയാളവുമായി ബന്ധപ്പെട്ടതെല്ലാം കൊളോണിയൽ ആധുനികതയുടെ സംഭാവനകളാണെന്ന മൗഢ്യവും അതിന്റെ വിലങ്ങുതടിയായി. അതായത്, സ്വാമികൾ വരേണ്യജ്ഞാനാധികാരത്തിനെതിരെ പ്രതിരോധം തീർത്തത്, ആധുനികവരേണ്യജ്ഞാനാധികാരികൾ കൊളോണിയൽ ആധുനികതയുടെ അടിമത്തംകൊണ്ട് ബോധപൂർവം കാണാതിരിക്കുന്നു. ഈ സ്ഥിതി മാറണം, മാറ്റണം. സ്വാമികൾക്ക് ധൈഷണികചരിത്രത്തിൽ അർഹമായ പ്രാതിനിധ്യം ലഭിക്കുകതന്നെവേണം. അർഹരായവർക്ക് പ്രാതിനിധ്യം ലഭിക്കാനും അനർഹരെ ഒഴിവാക്കാനും നമുക്കുവേണ്ടത് മലയാളത്തിനൊരു ധൈഷണികചരിത്രമാണ്. തനതു സംഭാവനകൾ അറിയാൻ ഇതു കൂടിയേ തീരൂവെന്ന പാഠമാണ് ഈ ലേഖനത്തിൽ തെളിയുന്നത്.

## ഗ്രന്ഥസൂചി


ശ്രീതീർത്ഥപാദാശ്രമം 2015, ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രവും പ്രധാനകൃതികളും, വാഴൂർ, തീർത്ഥപാദാശ്രമം.

രവീന്ദ്രൻ പി പി. 2017. ചട്ടമ്പിസ്വാമികൾ: നവോത്ഥാനവും ബദൽആധുനികതയും, അജയ്ശേഖർ (എഡി), നവോത്ഥാനം പുതുവായനകൾ, തിരുവനന്തപുരം, റൈവൻ പബ്ലിക്കേഷൻസ്.

വാരിയർ ഇ ഐ (ഡോ), 1987, തത്ത്വചിന്ത, കേരളവിജ്ഞാനകോശം, ടി കെ കൊച്ചുനാരായണൻ (എഡി), ദേശബന്ധു പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

Gautama Muni, 1913. Nyaya Sutras of Gautama (Gotama), MahamahopadhyayaSatish Chandra Vidyabhushan (Trans), apurva Krishna Bose at the Indian Press, internet Archive https://archive. org/details/NyayaSutra/